## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3361** **11.05.2017-ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിനെ റാബോ ബാങ്കിന്റെ നിലവാരത്തിലേക്ക് ഉയർത്താൻ ഉദ്ദേശ്യം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് പ്രവർത്തനക്ഷമമാകുന്നതോടെ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനം പ്രസ്തുത ബാങ്കിൽ ലയിപ്പിക്കുമോ; ജില്ലാ സഹകരണ ബാങ്കുകൾ ഏതു രീതിയിലാണ് കേരള ബാങ്കുമായി ബന്ധിപ്പിക്കാനുദ്ദേശിക്കുന്നത്; നിലവിൽ ബാങ്ക് എന്ന നിലയിൽ പ്രവർത്തിച്ച വരുന്ന സർവീസ് സഹകരണ ബാങ്കുകളുടെ ഷെയർ ഹോൾഡിംഗ് എങ്ങനെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ വിശദമായി പരിശോധിച്ച ശേഷമേ ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുകയുള്ളൂ. |
| (ബി) | അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കായ റാബോ ബാങ്കിന്റെ നിലവാരത്തിലേക്ക് കേരള ബാങ്കിനെ ഉയർത്താൻ എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നത്; | (ബി) യും (സി) യും | വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന് അനുസൃതമായി സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (സി) | കേരള ബാങ്കിന്റെ ബാങ്കിംഗ് ലൈസൻസ് റിസർവ് ബാങ്കിൽ നിന്ന് ലഭ്യമാക്കാനുള്ള പ്രവർത്തങ്ങൾ ഏതു രീതിയിൽ പുരോഗമിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ